# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി6)1742/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി6)1742/2023 തീയ്യതി: 30/11/2023

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2022 മുതൽ 06-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 13-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

അഗസ്റ്റിൻ എം. എൽ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ജോമോൻ ഇ. കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബിന്ദു സി. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

രേഖ ഇ.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാഹിബാൻ വി. സി. | പ്രസിഡന്റ് | 01-04-2022 | 30-12-2022 |

| | | | |
|---|---|---|---|
| രവീന്ദ്രൻ കെ. വി. (ഇൻചാർജ്) | പ്രസിഡന്റ് | 31-12-2022 | 05-02-2023 |
| വിജിത സന്തോഷ് | പ്രസിഡന്റ് | 06-02-2023 | 31-03-2023 |
| അനുപമ എ. വി. | സെക്രട്ടറി | 01-04-2022 | 15-04-2022 |
| അനിത രാമൻ | സെക്രട്ടറി | 16-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജ പി. ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ദിൽസ കെ. ബി. | ആയുർവ്വേദ ഡോക്ടർ | 01-04-2022 | 31-03-2023 |
| ഷബ്ന കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| വിജീഷ് പി. വി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| രാഗേഷ് പി. ഡി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| മഞ്ജുഷ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 24-08-2022 |
| അനു കെ. എൻ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 25-08-2022 | 31-03-2023 |
| ഷിനി ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒരുമനയൂർ സർക്കിൾ) | 01-04-2022 | 19-01-2023 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒരുമനയൂർ സർക്കിൾ) | 20-01-2023 | 31-03-2023 |
| ഷിനി പി. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മൂത്തമാവ് സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | "Cheques Deposited But Not Credited" -തുക ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-1-4 |
| 6 | ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-5 |
| 7 | വസ്തു നികുതി -റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി നോൺ–റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ– വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-10 |
| 12 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | ബാലൻസ് ഷീറ്റിലേയും രജിസ്റ്ററിലേയും നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-14 |
| 16 | കേരളോത്സവത്തിന് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-1-15 |
| 17 | KURDFC ലോൺ–കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-1-16 |
| 18 | Other Deposits -ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി. | 1-1-18 |
| 20 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-19 |
| 21 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-21 |
| 23 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-22 |
| 24 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-23 |
| 25 | ബാധ്യത ബാലൻസ് ഷീറ്റിൽ (ബി -4 ൽ) ഉൾപ്പെടുത്തിയിട്ടില്ല. | 1-1-24 |
| 26 | Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപ | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഫണ്ട് വിനിയോഗം | 1-3 |
| 29 | പദ്ധതി അവലോകനം | 1-4 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 31 | ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്) | 1-6 |
| 32 | ക്യാഷ് പരിശോധന | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 34 | ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം | 1-9 |
| 35 | വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-10 |

| | | |
|---|---|---|
| 36 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്ന് തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 37 | ലേലം തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-12 |
| 38 | മൽസ്യ ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-13 |
| 39 | റോഡ് കട്ടിങ് - റെസ്റ്റോറേഷൻ ചാർജ്ജുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 40 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-15 |
| 41 | ദേശീയപാത വികസനം -നഷ്ടപ്പെട്ടുന്ന പഞ്ചായത്ത് ആസ്തികൾ - നഷ്ടപരിഹാരം ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 42 | കെട്ടിടം ക്രമവൽക്കരണം - നാളിതുവരെയായും 3 ഇരട്ടി വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 43 | ഒരേ ഉടമസ്ഥതയിൽ പാർപ്പിടാവശ്യത്തിന് നികുതി ഈടാക്കുന്ന കെട്ടിടങ്ങളിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രം, റിസോർട്ട് എന്നിവ പ്രവർത്തിക്കുന്നു. | 1-18 |
| 44 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതിയിലെ അപാകങ്ങൾ | 1-19 |
| 45 | കെ.എം.എസ്.എസ്.സി.എൽ– മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 46 | ക്വട്ടേഷൻ നടപടികളുടേയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല | 1-21 |
| 47 | റീ ഏജന്റ് കിറ്റ് വാങ്ങൽ -അപാകങ്ങൾ | 1-22 |
| 48 | കാൻസൽ ചെയ്ത ബില്ലിൽ നിന്ന്ചെലവുകൾ–അപാകത | 1-23 |
| 49 | അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല | 1-24 |
| 50 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം | 1-25 |
| 51 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം. ജനറൽ/എസ്.സി-ആവശ്യത്തിലധികം വാങ്ങി. | 1-26 |
| 52 | മരാമത്ത് പ്രവർത്തികളുടെ ദീർഘീകരണം പി.ഡബ്ളിയു ഡി മാന്വൽ 2112.1 പ്രകാരം പിഴ ചുമത്തി ഈടാക്കി കാണുന്നില്ല. | 1-27 |
| 53 | മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് വേണ്ടത്ര പുരോഗതി നേടിയില്ല. | 1-28 |
| 54 | ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കാത്ത ദർഘാസിന്മേൽ പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 11 ഉപചട്ടം 1 പ്രകാരം റീടെണ്ടർ നടപടി സ്വീകരിക്കുന്നില്ല. | 1-29 |
| 55 | തെരുവു വിളക്ക് പരിപാലനം അപാകത | 1-30 |
| 56 | റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തിയായിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 30.11.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 8/12.10.2023)

#### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

**നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1740022/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5298561/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | SBT Chavakkad | 123 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 2 | SIB Current Old CFC | 0168073000000208 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 3 | Kerala Gramin Bank Bhavana Nidhi | 40304101024469 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 4 | Other Co-operative Bank | 310 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 5 | TreasuryVPFA Ownfund Old | 123 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 6 | Canara Bank Health Grant PFMS | 1100056138390 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |
| 7 | Indian Overseas Bank Literacy | 38701000038053 | ഏപ്രിൽ 2022 മുതൽ മാർച്ച്2023 വരെ |

ആക്ടീവ് അല്ലാത്ത മേൽ അക്കൗണ്ടുകൾ (ക്രമ നം. 6 ഒഴികെ) ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 "Cheques Deposited But Not Credited" -തുക ക്രെഡിറ്റ് ചെയ്തിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (SBI E Payment-37258139718) താഴെ ചേർത്തിരിക്കുന്ന തുകകൾ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 1220000116 | 24-09-22 | 435 |
| 1220000002 | 12-04-22 | 120 |
| 1220000001 | 09-04-22 | 220 |
| 1220000004 | 12-04-22 | 380 |
| 1220000005 | 13-04-22 | 220 |

## 1-1-5 ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം | വാർഷിക കണക്ക് പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|
| IDBI | 0269104000240987 | 19378 | 0 |

**1-1-6 വസ്തു നികുതി -റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1414609/- | 1419438/- | 8912/- | 1724/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1414609/- | 1405697/- | 8912/- | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 |

കളക്ഷൻ, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല

**1-1-7 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 968235/- | 1005632/- | 0 | 0 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 968235/- | 961781/- | 6454/- (350410101-Advance Collection-ശീർഷകത്തിൽ നിന്നാണ് ക്രമീകരിച്ചത്) | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

## 1-1-8 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12413/- | 12413/- | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 12413/- | 0 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-9 ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും 118821/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 121351/-രൂപയാണ്.

## 1-1-10 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues | 290717/- | 276438/- |

| | | | |
|---|---|---|---|
| | -Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 52757/- | 105555/- |

## 1-1-11 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 23 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-12 ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 61980/- |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 33950/- |

## 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-14 ബാലൻസ് ഷീറ്റിലേയും രജിസ്റ്ററിലേയും നീക്കിയിരിപ്പിൽ വ്യത്യാസം

അഡ്വാൻസ് രജിസ്റ്റർപ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് രജിസ്റ്റർ പ്രകാരം Other Advances ന്റെ 31/3/2023 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Other Advances ന്റെ 31/3/2023 ലെ നീക്കിയിരിപ്പ് |
|---|---|
| 44282/- | 125996/- |

### 1-1-15 കേരളോത്സവത്തിന് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

ബാലൻസ്ഷീറ്റിൽ (B18) Other Advance ശീർഷകത്തിൽ (460100199) 125996/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ Other Advance ശീർഷകത്തിലെ നീക്കിയിരിപ്പ് 44282/- രൂപയാണ്. തൻവർഷം വിവിധ തിയ്യതികളിലായി തനത് ഫണ്ടിൽ നിന്നും 81850/- രൂപ കേരളോത്സവത്തിന് അഡ്വാൻസ് നൽകിയതിൽ 81714/- ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ടിൽ-ജനറൽ നിന്ന് പ്രൊജക്റ്റ് പ്രകാരം (140/23) കേരളോത്സവത്തിനായി 115235/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ തനത് ഫണ്ടിലേക്ക് 81714/- രൂപ റീക്രൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻബാക്കി 44146/-ഉം തൻവർഷ അഡ്വാൻസ് 81850/- അടക്കം 125996/-രൂപ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പുള്ളതിനാൽ ആയത് വാർഷിക കണക്കിൽ ക്രമീകരിച്ചിട്ടില്ല.

### 1-1-16 KURDFC ലോൺ-കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് 2022-23 വർഷം KURDFC ലോൺ ഇല്ലാതിരുന്നിട്ടും വികസനഫണ്ട് അനുവദിക്കുമ്പോൾ ലോൺ ഇനത്തിൽ 601661/-രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ 800542/-രൂപ തൻവർഷം Loans To Others (460300101) ശീർഷകത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നം. | തിരിച്ചടവ് തുക (ജനറൽ) | തിരിച്ചടവ് തുക (എസ്.സി.പി) | ആകെ |
|---|---|---|---|
| സ.ഉ.(സാധാ)നം.6872/22/ധന,തി. 12.10.22 | 101950/- | 198881/- | 300831/- |
| സ.ഉ.(സാധാ)നം.1049/23/ധന,തി. 13.2.23 | 101949/- | 198881/- | 300830/- |
| ആകെ | | | 601661/- |

എസ്.സി.പി വിഭാഗത്തിൽ തിരിച്ചടവ് തുക ഒരു ഗഡു (198881/-) അധികമായി കുറവ് ചെയ്തതായി തെറ്റായി രേഖപ്പെടുത്തിയതിനാലാണ് 800542/-രൂപ വാർഷിക കണക്കിൽ(601661+198881) വന്നിട്ടുള്ളത്. വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ രണ്ട് ഗഡുക്കളും വികസനഫണ്ട് (എസ്.സി.പി) വിഭാഗത്തിൽ രണ്ടിന് പകരം മൂന്ന് ഗഡുക്കളും വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മേൽ തുകകൾക്കെല്ലാം ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് ഇനത്തിൽ ജി.ഒ പ്രൊജക്റ്റായി ചെലവ് കാണിച്ചിട്ടുമുണ്ട്. ആയതിനാൽ യഥാർത്ഥ വരവ് ചെലവ് തുകയല്ല വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2022-23ലെ മുന്നിരിപ്പ് 344990/- രൂപയും (2021-22 വർഷം അധികമായി കുറവ് ചെയ്ത 344990/- രൂപ) തൻവർഷം കുറവ് ചെയ്ത 601661/-രൂപയും ചേർത്ത് 946651/- രൂപയാണ് തിരികെ ലഭ്യമാക്കാനുള്ളത്. എന്നാൽ വാർഷിക കണക്കിൽ തെറ്റായി

1145532/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അധികമായി കുറവ് ചെയ്ത 946651/- രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ Loans To Others (460300101) എന്ന ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ ലോൺ നൽകിയ തുകയല്ല മറിച്ച് തെറ്റായി കുറവ് ചെയ്തതാണ്. അധികമായി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-17 Other Deposits -ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റിൽ (B7) Other Deposit ശീർഷകത്തിൽ (340200199) 43026/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-18 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ നം |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 80018 | 31.03.23 | 42201102 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്

### 1-1-19 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "190000000-Prior Period Income" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 12811/- |
| 190100102-Prior Period Income-Profession Tax | 6261/- |
| 190200201-Prior Period Income-License Fees | 500/- |
| 190200401-Prior Period Income-Other Income | 1481/- |

| | |
|---|---|
| 190300101-Prior Period-Recovery Of RevenuesWritten Off | 11/- |

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-20 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6 ലൈബ്രറി രജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

## 1-1-21 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

1. 2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 3897564/-രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-23 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23` ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | CFC-Basic Tax Grant | 441199/- | 450220104 | SIB CFC 0168053000013885 | 2426056/- |
| 2 | 320200113 | CFC-Tied Fund | 2050466/- | | | |

### 1-1-24 ബാധ്യത ബാലൻസ് ഷീറ്റിൽ (ബി -4 ൽ) ഉൾപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | Distress Relief Fund -Orumanayur Service Co-operative Society (3506) | 3976/- |
| 2 | 450210101 | Kerala Gramin Bank Bhavana Nidhi (40304101024469) | 908/- |
| 3 | 450210101 | SIB Current Old CFC (0168073000000208) | 1058/- |

ക്രമനമ്പർ 1 ന് തത്തുല്യമായ ബാധ്യതാ ശീർഷകം ബി-2 ൽ കാണുന്നുണ്ടെങ്കിലും നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ട് (3823/-).

### 1-1-25 Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/23 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 393717/-രൂപയാണ്. എന്നാൽ 31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപ യാണ്. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമ | പ്രൊജക്ട് | പ്രൊജക്ടിന്റെ പേര് | പാർട്ട് ബിൽ | വൗച്ചർ നം/തിയ്യതി |
|---|---|---|---|---|

| നമ്പർ | നം | | തുക | |
|---|---|---|---|---|
| 1 | 32/23 | റോഡ് മാപ്പിംഗ് | 19240/- | 42200811/02-09-2022 |
| 2 | 88/23 | ഇല്ലത്തുപള്ളി റോഡ് നിർമ്മാണം | 374477/- | 283,373/-<br>42200986/26-03-2023<br>91,104/-<br>42200997/28-03-2023 |
| ആകെ | | | 393717/- | |

## 1-2 ബജറ്റ്

.

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 16/03/2022 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 11,00,89,085 | 10,91,81,800 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 18/03/2023 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 10,99,84,865 | 10,91,81,800 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 7080000 | 7080000 | 6208823 | 871177* |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 3781000 | 3781000 | 3315731 | 465269* |
| മെയിന്റനൻസ്, റോഡ് | | 0 | 4735000 | 4735000 | 787865 | 3947135* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 3417422 | 1152578* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | ബാങ്ക് | 800677 | 1847000 | 2647677 | 597211 | 2050466** |
| | ട്രഷറി | 0 | 1045906 | 1045906 | 40250 | 1005656 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് | ബാങ്ക് | 36767 | 1298103 | 1334870 | 893671 | 441199** |
| | ട്രഷറി | 0 | 4 | 4 | 0 | 4 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 6400 | 0 | 6400 | 0 | 6400 |
| ടി.എസ്.സി | 6049 | 48000 | 54049 | 53000 | 1049 |
| ഐ.സി.ഡി.എസ് | 56640 | 614050 | 670690 | 498478 | 172212 |
| Grant From Suchitwa Mission | 288000 | 0 | 288000 | 5000 | 283000 |
| Grant For Keralotsavam | 5040 | 0 | 5040 | 0 | 5040 |
| Health Grant - Diagnostic InfraStructure To The PHCs | 0 | 182238 | 182238 | 179875 | 2363 |
| Health Grant - Wellness Centres | 0 | 55785 | 55785 | 55000 | 785 |
| Grants, Funds - Other Government Agencies | 187191 | 0 | 187191 | 0 | 187191 |

1)വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്. കൂടാതെ വികസന ഫണ്ട്-ജനറലിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവും (6208823/-) വാർഷിക കണക്കിലെ ചെലവും (6216823/-) പൊരുത്തപ്പെടുന്നില്ല.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽഅപാകതകൾ പരിഹരിച്ച് വാർഷിക കണക്ക് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സി.എഫ്.സി ടൈഡ് ഫണ്ടിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും (708025/-) വാർഷിക കണക്ക് പ്രകാരമുള്ള ചെലവും(637461/-) പൊരുത്തപ്പെടുന്നില്ല.

3)ദീർഘകാലമായി വിനിയോഗിക്കാതെ നീക്കിയിരിപ്പുള്ള ഫണ്ടുകൾ ഉപയോഗം ഇല്ലെങ്കിൽ സ്രോതസ്സിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം | അംഗീകാരം ലഭിച്ചത് (എണ്ണം) |
|---|---|---|---|---|---|---|
| 159 | 47819920 | 127 | 20535640 | 42.94 | 79 | 159 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 212 | 753887 | 754099 | 754099 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 4858005 | 4858005 | 4858005 | 0 |
| മെറ്റീരിയൽ കോസ്റ്റ് | | 3943176 | 3943176 | 3943176 | 0 |
| ആകെ | 212 | 9555068 | 9555280 | 9555280 | 0 |

## 1-6 ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്)

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7,82,400 | 84 |
| വിധവാ പെൻഷൻ | 7,749,600. | 709 |
| വാർദ്ധക്യകാല പെൻഷൻ | 1,08,48,200 | 1023 |
| വികലാംഗ പെൻഷൻ | 17,07,000 | 157 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,56,800 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000 | 5 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.10.2023 തീയതിയിൽ 3.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9050/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും 100% നികുതികൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ മിക്ക ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നുണ്ട്.

ബജറ്റും യഥാർത്ഥ വരവുമായുള്ള അന്തരം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 35,00,000 | 35,00,000 | 23,82,844 |
| തൊഴിൽനികുതി | 9,50,000 | 9,50,000 | 8,26,350 |
| വാടക | 5,50,000 | 5,50,000 | 2,17,471 |
| ലൈസൻസ് ഫീസ് | 5,00,000 | 5,00,000 | 81,800 |

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 13,92,071 | 14,14,609 | .016 | 23 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 9,91,921 | 9,68,235 | -.0238 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 1,38,630 | 1,04,970 | -.24 | |
| തൊഴിൽ നികുതി - ജീവനക്കാർ & പ്രൊഫഷണൽസ് | 6,57,840 | 7,21,380 | .097 | |
| വാടക | 1,50,574 | 2,17,471 | .44 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

28.04.2023 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1 ശുപാർശ പ്രകാരം 15/05/2023 തീയതിയിൽ 1/1 തീരുമാന പ്രകാരം പ്രാഥമിക നോട്ടീസ് പ്രസിദ്ധീകരിക്കുകയും തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പിന്റെ 22.03.2022 ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ, ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ നിശ്ചയിച്ച പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്ക് തുടർന്നുള്ള ഓരോ വർഷത്തിലും 5 % എന്ന നിരക്കിൽ 2027 -28 വർഷം വരെ ക്രമാനുഗതമായ വർദ്ധനവ് വരുത്തുന്നതിനും യോഗം അംഗീകരിച്ച് തീരുമാനിച്ചു. അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സംബന്ധിച്ച വിജ്ഞാപനം ചട്ട പ്രകാരം നടത്തുന്നതിനും പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു. ആവശ്യമായ പ്രചാരണം നൽകുന്നതിനും പത്രങ്ങളിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള തുക പഞ്ചായത്തു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും യോഗം അംഗീകരിച്ച് തീരുമാനിച്ചു.

സോഫ്റ്റ്വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) അടിസ്ഥാന വസ്തു നികുതിയുടെ 10% സേവന ഉപനികുതിയായി ഈടാക്കുന്നുണ്ട്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി

തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

വിനോദനികുതി

വിനോദനികുതി ഇനത്തിൽ നിലവിൽ വരുമാനം ഉണ്ട്. പഞ്ചായത്ത് പരിധിയിൽ 2 സിനിമാ തീയറ്റർ പ്രവർത്തിക്കുന്നുണ്ട്. അമ്യൂസ്മെന്റ് പാർക്ക്, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. കോൾപ്പാടങ്ങളും കായലോരങ്ങളും കനാലുകളും അതിർത്തി പങ്കിടുന്ന പഞ്ചായത്തായതിനാൽ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്ന തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഡാറ്റ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

വാടക

പശ്ചാത്തല വികസനത്തിന്റെ ഭാഗമായി ഉചിതമായ സ്ഥലം കണ്ടെത്തി ഷോപ്പിംഗ് കോംപ്ലക്സ് പണിത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

മറ്റിനങ്ങൾ

ചേറ്റുവ കായലോര ടൂറിസം: തൃശ്ശൂർ ജില്ലാ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 23/2/22ലെ DDTR /P/749/2019 നമ്പർ കത്ത് പ്രകാരമുള്ള ചേറ്റുവ കോട്ട, കണ്ടൽ കാട് അനുബന്ധപക്ഷി സങ്കേതം തുടങ്ങിയവയുടെ സംരക്ഷണത്തിനും ആ പ്രദേശത്തെ ടൂറിസം വികസനത്തിനുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ആർക്കിടെക്റ്റ് മുഖേന നടപ്പാക്കുന്ന ടൂറിസം പദ്ധതിക്കു വേണ്ടി പഞ്ചായത്തിൽ നിലവിലുള്ള സ്ഥല ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ വില്ലേജ് സ്കെച്ച് ലഭ്യമാക്കി പദ്ധതിക്കുള്ള NOC സഹിതം ടൂറിസം വകുപ്പിന് നൽകണം എന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ അപ്രകാരം സ്ഥല ലഭ്യത ഉണ്ടെങ്കിൽ ആയത് കണ്ടെത്തി ടി വിവരം ടൂറിസം വകുപ്പിനെ അറിയിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശീയ ടൂറിസം വികസനം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിക്ക് വേണ്ടി തയ്യാറാക്കി ഡി പിസിക്ക് സമർപ്പിക്കണം എന്ന നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ ചേറ്റുവ പഴയ ചങ്ങാടം റോഡ് മുതൽ ചേറ്റുവ പാലത്തിന്റെ അടിഭാഗം വരെയുള്ള മേഖലയിൽ പാലത്തിലേക്കുള്ള റോഡിന് ഇരുവശത്തായി നടപ്പാതയും പഴയ ഹാർബർ നിലവിലുണ്ടായിരുന്ന സ്ഥലത്ത് വിപുലമായ പാർക്കും സ്ഥാപിച്ച് പഞ്ചായത്തിന് സ്ഥിരമായ വരുമാനം ഉണ്ടാകുന്ന വിധത്തിലുള്ള രീതിയിൽ ഒരു വിനോദ സഞ്ചാര പദ്ധതി നടപ്പാക്കുന്നതിനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നത് എന്ന ആശയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനും പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്.

ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ ജനജീവിതം പ്രധാനമായും കൃഷിയേയും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളെയും ആശ്രയിച്ചാണ് മുന്നോട്ട് പോകുന്നത്. എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതിനാൽ ഉപ്പുവെള്ളം കയറുന്നത് മൂലം നെല്ല്, മരച്ചീനി, വാഴ, പയർ എള്ള് എന്നീ നടീൽ കൃഷികൾ നശിച്ചുപോവുകയും, ആയതിനാൽ ജനങ്ങൾക്ക് മറ്റു നിർമ്മാണ പ്രവർത്തികളെ കൂടുതലായും ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. തനത് ഫണ്ടിന്റെ അഭാവം മൂലം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ പ്രധാന വരുമാനമാർഗ്ഗം വസ്തു നികുതിയാണ്. പഞ്ചായത്ത് അതിർത്തിയിൽ കായലും, പുഴയും, കനാലും ഉള്ളതിനാൽ കായൽ ടൂറിസം ഒരു വികസനോപാധിയായി സ്വീകരിക്കാവുന്നതാണ്. കൂടാതെ നാളികേര സംഭരണം നടത്തി കൊപ്ര വ്യവസായത്തിലൂടെയും, കോഴി വളർത്തൽ, ആട് വളർത്തൽ,

പപ്പട നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായത്തിലൂടെയും ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി പഞ്ചായത്തിന്റെ പുരോഗതിക്കും സാധ്യതകൾ കാണുന്നുണ്ട്. (ഓഡിറ്റ് അന്വേഷണം 1 : 07/10/2023)

## 1-10 വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

തൻവർഷം വരവുള്ള ശീർഷകങ്ങളുമായി ബന്ധപ്പെട്ട വരവ് രജിസ്റ്ററുകൾ, ഫയലുകൾ, അപേക്ഷകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവ് ശീർഷകം | തുക |
|---|---|---|
| 1 | Rent From Auditoriums And Hall | 1,37,453. |
| 2 | Registration Fee From Private Hospital & Paramedical Institutions | 100 |
| 3 | Licence Fees For Domestic Dogs And Pigs | 1,200 |
| 4 | Restoration Charges For Road Cutting | 1,15,814 |
| 5 | FACTEOS Register | 37,100. |
| 6 | Receipts From Libraries | 520 |

മേൽ പറഞ്ഞ വിവരങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 6 : 11.10.2023)

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്ന് തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി ഒടുക്കുന്ന തുക പഞ്ചായത്തിന്റെ 37258139718 നമ്പറിലുള്ള എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടുകളിൽ വരവ് രസീത് ചെയ്ത ശേഷം 2-3 മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പെടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് കണ്ടെത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 11,412/- രൂപ ലഭിക്കാനുണ്ട്. തുടർമാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക 3 മാസം കഴിഞ്ഞിട്ടും ലഭിച്ചിട്ടില്ല. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 10/12.10.2023)

## 1-12 ലേലം തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023ലെ 8 (2) തീരുമാന പ്രകാരം പ്രൊജക്റ്റ് നമ്പർ 31/23 എ.പി. അയമു റോഡ് സംരക്ഷണം പ്രവൃത്തി-വാർഡ് 4 നടപ്പാക്കിയതിൽ ലഭിച്ച 61.509 M3 മണ്ണ് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 13839/-രൂപയുടെ Valuation (ഫയൽ നമ്പർ 1675/2023) യോഗം അംഗീകരിക്കുകയും 28.03.2023-ാം തിയ്യതി 11.30 AM ന് മണ്ണ് ലേലം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ ലേലം നാളിതു വരെ നടത്തിയതായി കാണുന്നില്ല. മേൽ തീരുമാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ അറിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 19 /13.10.2023)

## 1-13 മൽസ്യ ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഭരണസമിതി സുഭിക്ഷകേരളം – ജനകീയ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് 15.12.2022ൽ താഴെ പറയും പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തീരുമാനപ്രകാരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന സുഭിക്ഷകേരളം – ജനകീയ മത്സ്യകൃഷി 2022-23 പദ്ധതിയുടെ ഭാഗമായി പൊതുകുളത്തിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുവേണ്ടി ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്ത് കുളത്തിൽ മത്സ്യവിത്ത്

നിക്ഷേപിക്കുവാൻ അനുമതി തരണമെന്ന് അപേക്ഷിച്ച് ഫിഷറീസ് ഓഫീസർ, ചാവക്കാട് മത്സ്യഭവൻ എന്നവരുടെ 20/10/2022 തീയ്യതിയിലെ കത്ത് (ഫയൽ നം 2693/22) യോഗം പരിഗണിച്ചു. നിയമാനുസരണം നടപടികൾ സ്വീകരിച്ച് സുരക്ഷിതമായി മത്സ്യ വിത്ത് ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്ത് കുളത്തിൽ നിക്ഷേപിക്കുന്നതിന് യോഗം അനുമതി നൽകി തീരുമാനിച്ചു.
മേൽ തീരുമാനം നടപ്പിലാക്കിയിട്ടുള്ളതിന്റെയും ആയതു പ്രകാരം വളർച്ചയെത്തിയ മത്സ്യങ്ങൾ ലേലം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ.21/13.10.2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-14 റോഡ് കട്ടിങ് – റെസ്റ്റോറേഷൻ ചാർജ്ജുമായി ബന്ധപെട്ട ഫയൽ ലഭ്യമാക്കേണ്ടതാണ്

2022-23 ലെ വാർഷിക കണക്കിലെ RP-4 പ്രകാരം റെസ്റ്റോറേഷൻ ചാർജെജസ് ഫോർ റോഡ്കട്ടിങ് ഇനത്തിൽ 1,15,814 രൂപ വരവുണ്ട്. ആയതിന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 23/13.10.2023)

## 1-15 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2022 -23 ലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
1. ജെ. കെ. മാർബിൾ (ഒന്നും രണ്ടും അർദ്ധവർഷം അടവാക്കിയിട്ടില്ല)
2. അക്ഷയ സെന്റർ, ഒരുമനയൂർ (ഒന്നാം അർദ്ധവർഷം അടവാക്കിയിട്ടില്ല)
3. അക്ഷയ സെന്റർ, മൂന്നാം കല്ല് (രണ്ട് അർദ്ധവർഷം അടവാക്കിയിട്ടില്ല)
4. സപ്ലൈകോ മാവേലിസ്റ്റോർ (രണ്ട് അർദ്ധവർഷം അടവാക്കിയിട്ടില്ല)

